# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4268 17.05.2017-ൽ മറുപടിക്ക്**

## <u>പോലീസ് കംപ്ലയിന്റ് അതോറിറ്റി പുനസംഘടിപ്പിക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് കംപ്ലയിന്റ് അതോറിറ്റി പോലീസിന് അനുകൂലമായി നിലപാടുകൾ സ്വീകരിച്ചാണ് കേസുകൾ തീർപ്പാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ കാര്യക്ഷമതയും നിഷ്പക്ഷതയും ഉറപ്പവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ; | (ബി) സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉള്ള സംസ്ഥാന പോലീസ് അതോറിറ്റി നിഷ്പക്ഷമായാണ് പ്രവർത്തിക്കുന്നത്. അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേന്ദ്ര അന്വേഷണ ഏജൻസികളിൽ പ്രവർത്തിച്ചിട്ടുള്ളതും എന്നാൽ കേരള പോലീസിൽ പ്രവർത്തിച്ചിട്ടില്ലാത്തതുമായ പോലീസ് സൂപ്രണ്ടിന്റെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറായി നിയമിക്കുന്നതിന് 25.04.2017 ലെ സ.ഉ (സാ) നമ്പർ 1036/17/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) മനുഷ്യാവകാശ പ്രവർത്തകരെയോ പൊതുപ്രവർത്തകരെയോ കൂടി ഉൾപ്പെടുത്തി പോലീസ് കംപ്ലയിന്റ് അതോറിറ്റിയെ പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**